**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5316** **02-11-2021 - ൽ മറുപടിയ്ക്ക്**

**തീറ്റവിലയിലെ വർദ്ധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. മാണി. സി. കാപ്പൻ,<br>ശ്രീ. അനൂപ് ജേക്കബ് | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | കോഴിത്തീറ്റയുടെയും കാലിത്തീറ്റയുടെയും അനിയന്ത്രിതമായ വിലവർദ്ധനവ് കാരണം കോഴി കർഷകരും ക്ഷീര കർഷകരും ഈ മേഖലയിൽ നിന്നും പിൻവാങ്ങാൻ സാധ്യതയുണ്ടാക്കുമെന്നത് പരിഗണിച്ച് സർക്കാർ അടിയന്തര ഇടപെടൽ നടത്തുമോ? | (എ) | പൊതുമേഖലാ സ്ഥാപനമായ കേരള ഫീഡ്സ് ലിമിറ്റഡും, സഹകരണ പ്രസ്ഥാനമായ മിൽമയും കാലിത്തീറ്റയുടേയും, കോഴിത്തീറ്റയുടേയും വിപണിയിലെ വില പിടിച്ച നിർത്തുന്നതിൽ ഗണ്യമായ പങ്കു വഹിക്കുന്നുണ്ട്. കാലിത്തീറ്റയുടെ അസംസ്കൃത വസ്തുക്കളുടെ വില കൂടി നിന്ന സാഹചര്യത്തിലും മിൽമ വില വർദ്ധിപ്പിക്കാതെ ഗുണനിലവാരമുള്ള തീറ്റ നൽകുന്നതിൽ ശ്രദ്ധിച്ചിട്ടുണ്ട്. കർഷകർക്ക് ഗുണമേന്മയേറിയ കോഴിത്തീറ്റ മിതമായ നിരക്കിൽ ലഭ്യമാക്കുന്നതിന് സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ (കെപ്കോ) തൃശ്ശൂർ ജില്ലയിലെ മാളയിൽ സ്ഥാപിക്കുന്ന ഫാക്ടറിയുടെ നിർമ്മാണം പുരോഗമിക്കുകയാണ്. കോഴിത്തീറ്റ ഉല്പാദിപ്പിക്കുവാൻ ഉപയോഗിക്കുന്ന അസംസ്കൃത വസ്തുവായ സോയാബീനിന്റെ അഭൂതപൂർവ്വമായ വിലക്കയറ്റം കോഴി കർഷകരെ ബാധിച്ച അവസരത്തിൽ സർക്കാരിന്റെ സമയബന്ധിതമായ ഇടപെടൽ മൂലം പൊതുമേഖലാ- സ്ഥാപനമായ കേരള ഫീഡ്സ് ലിമിറ്റഡ് അതുല്യം ലെയർ, അതുല്യം ഗ്രോവർ, കൈരളി എന്നീ ബ്രാൻഡ് കോഴിത്തീറ്റകൾ വിപണിയിൽ ലഭ്യമാക്കിയിരുന്നു. സമീകൃത കാലിത്തീറ്റയെ ആശ്രയിച്ചുകൊണ്ടുള്ള പാലുല്പ്പാദനം വളരെ ചെലവേറിയ സാഹചര്യത്തിൽ, ഇതിനെ മറികടക്കുക എന്ന ലക്ഷ്യത്തോടെയാണ് ക്ഷീരവികസന വകുപ്പ് സംസ്ഥാനത്തുടനീളം പുൽകൃഷി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്. ഈ വർഷത്തെ പദ്ധതികളിൽ സംഘങ്ങൾക്ക് പാരമ്പര്യേതര തീറ്റവസ്തുക്കൾ ഉപയോഗിച്ചുകൊണ്ടുള്ള കാലിത്തീറ്റ നിർമ്മാണത്തിനായുള്ള നൂതന പദ്ധതി |

| | | | |
|---|---|---|---|
| | | | ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, വൈക്കോൽ ബെയ്ലിംഗ് യൂണിറ്റ് പദ്ധതിയും നടപ്പാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ